A1/15/2026-CLAD
**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള ഫോക് ലോർ അക്കാദമി സംഘടിപ്പിക്കുന്ന 'പൊന്ന്യത്തങ്കം' എന്ന പരിപാടിയുടെ നടത്തിപ്പിനായി പദ്ധതി വിഹിതത്തിൽ നിന്നും അഞ്ചാം ഗഡു അനുവദിച്ചുത്തരവാകുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.147/2026/CLAD തീയതി,തിരുവനന്തപുരം, 20-02-2026

---

പരാമർശം:- 1. 04.01.2021 ലെ 1/2021/Fin നമ്പർ സർക്കുലർ

2. ബഹു. നിയമസഭാ സ്പീക്കറുടെ 16.01.2026 തീയതിയിലെ 64/OS/2026 നമ്പർ കത്ത്

**ഉത്തരവ്**

കേരള ഫോക് ലോർ അക്കാദമി സംഘടിപ്പിക്കുന്ന 'പൊന്ന്യത്തങ്കം' എന്ന പരിപാടിയുടെ നടത്തിപ്പിനായി തുക അനുവദിക്കണമെന്ന് ബഹു. നിയമസഭാ സ്പീക്കർ പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഫോക് ലോർ അക്കാദമിയ്ക്ക് 2025-26 സാമ്പത്തിക വർഷം "2205-00-102-74-00-36 (പ്ലാൻ)" എന്ന പദ്ധതി ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും 'പൊന്ന്യത്തങ്കം' ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതിനായി 1,00,00,000/- രൂപ (ഒരു കോടി രൂപ മാത്രം) അഞ്ചാം ഗഡുവായി അനുവദിച്ചുത്തരവാകുന്നു.

3. പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധനകൾ പ്രകാരം കേരള ഫോക് ലോർ അക്കാദമിയുടെ കണ്ണൂർ ജില്ലാ ട്രഷറിയിലുള്ള 799012700000315 എന്ന പി.എസ്.റ്റി.എസ്.ബി അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും പ്രതീക്ഷിത ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള ഫോക് ലോർ അക്കാദമി, കണ്ണൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ധനകാര്യ വകുപ്പ് (E 3157697/EDN-D1/115/2025-FIN dated 07.02.2026)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
Date: 20-02-2026 17:46:14

സെക്ഷൻ ഓഫീസർ